# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3451    19.10.2016-ൽ മറുപടിയ്ക്ക്

### തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ :

എ) ശുദ്ധജലക്ഷാമം മൂലം ബുദ്ധിമുട്ടുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലും, കയ്യൂർ-ചീമേനി, പടന്ന, വലിയപറമ്പ്, തൃക്കരിപ്പൂർ എന്നിവിടങ്ങളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള ശാശ്വതമായ നടപടികൾ എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മറുപടി**

മാത്യു. ടി. തോമസ്
(ജലവിഭവ വകുപ്പ് മന്ത്രി)

എ യും ബി യും) കരിയംകോട് പുഴ സ്രോതസ്സാക്കി നീലേശ്വരം, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി കനാന്നൂർ, കരിന്തളം മുതലായ പഞ്ചായത്ത് ഇവ ഉൾപ്പെടുത്തി ഒരു ബൃഹത് കുടിവെള്ള പദ്ധതിക്ക വേണ്ടിയും കയ്യൂർ-ചീമേനി, ചെറുവത്തൂർ, പീലിക്കോട്, വലിയപറമ്പ്, പടന്ന, തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകൾക്കായി മറ്റൊരു കുടിവെള്ള പദ്ധതിക്ക വേണ്ടിയുള്ള പ്രൊജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ